ഖുത്വ്ബ
26.10.2007
ബയ്ത്തുൽ ഫുത്തൂഹ്, ലണ്ടൻ

# അല്ലാഹു പകരം വീട്ടുന്നവൻ

## ആക്ഷേപത്തിനുള്ള മറുപടി

ഇസ്ലാമിന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നവരുടെ ഒരു വലിയ ആക്ഷേപമാണ് വിശുദ്ധഖുർആൻ സമർപ്പിക്കുന്ന ദൈവം, വലിയ അക്രമിയും വഞ്ചകനുമാണെന്നുള്ളത്. നഊദുബില്ലാഹ്. ശിക്ഷിക്കുന്നവനും തന്നെ വിശ്വസിക്കുന്നവരെ അക്രമത്തിന് പ്രേരിപ്പിക്കുന്നവനുമാണ് ഇസ്ലാം വിഭാവന ചെയ്യുന്ന ദൈവം. ഈ ലോകത്ത് ശിക്ഷ നല്കുന്നവനാണെന്നും അടുത്തലോകത്ത് നരകം കൊണ്ട് ശിക്ഷിക്കുന്നവനാണെന്നും വിശുദ്ധഖുർആനിൽ പറയുന്നുണ്ടെന്ന് അവർ പറയുന്നു. ഹോളണ്ടിലെ പാർലമെന്റംഗത്തിന്റെ ആക്ഷേപവും ഇതു തന്നെയായിരുന്നു. പോപ്പ് സാഹിബ് പരിഹസിച്ചതും ഇതെടുത്തു പറഞ്ഞുകൊണ്ടായിരുന്നു. ഇതുപോലെ ഏതുമതവുമായി ബന്ധപ്പെട്ടവരും, മതനിഷേധികളും ഇസ്ലാമിന്നെതിരിൽ ഉന്നയിക്കുന്ന ആരോപണമാണിത്; അതായത്, ഇസ്ലാമിന്റെ ദൈവം വലിയനിഷ്ഠൂരനും അക്രമിയും വഞ്ചകനുമായ ദൈവമാകുന്നു. അവനിലും അവന്റെ കല്പനകളിലും യുക്തിസഹമായ ഒന്നുംതന്നെയില്ല. ഇതാണ്, ഇസ്ലാം ബലാൽക്കാരം ചെയ്യുന്നതും അക്രമം പ്രവർത്തിക്കുന്നതുമായ മതമാകാൻ കാരണം. ഇക്കാരണങ്ങൾ മുഖേന മുസ്ലിംകളിൽ അക്രമം ചെയ്യാനും അടിച്ചമർത്താനുമുള്ള താൽപര്യം ഉണ്ടാകുന്നു. ഒരു കാര്യം വ്യക്തമാണ്. ഈ ആക്ഷേപം ഉന്നയിക്കുന്നവർ വിശുദ്ധഖുർആൻ പാരായണം ചെയ്യേണ്ട രീതിയിൽ ചെയ്തിട്ടില്ല. അവർ അത് മനസ്സിലാക്കാനും തരമില്ല. മനസ്സിലാക്കാൻ അവർ ശ്രമിച്ചിട്ടുമില്ല. അവരുടെ മനസ്സ് വെറുപ്പും വിദ്വേഷവുംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. അങ്ങനെയല്ലാതെ, നീതി ദൃഷ്ടിയോടെ അവർ കാര്യങ്ങളെ നോക്കിയിരുന്നെങ്കിൽ, ദൈവാസ്തിക്യത്തിനുള്ള ഏറ്റവുമധികം തെളിവുകൾ ഇസ്ലാമിൽ നല്കപ്പെട്ടിരിക്കുന്നത് അവർ കാണുമായിരുന്നു. നീതി ദൃഷ്ടിയോടെ നോക്കിയാൽ ഇസ്ലാമിൽ ഉദാഹരണത്തോടെ വിവരിച്ചിട്ടുള്ള അവന്റെ സവിശേഷഗുണങ്ങൾ മറ്റെങ്ങും അവർക്ക് കാണാൻ കഴിയില്ല.

ഇസ്ലാം വിഭാവന ചെയ്യുന്ന ദൈവത്തിന്റെ സൗന്ദര്യവും ഔദാര്യവും പ്രഥമാധ്യായത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധഖുർആനിൽ എല്ലാ സവിശേഷഗുണങ്ങളും അല്ലാഹുവിന്റെ പേരിലുണ്ട്. സവിശേഷഗുണങ്ങൾ എന്നു പറഞ്ഞിരിക്കുന്നത് അല്ലാഹുവിന്റെ നാമത്തെ തന്നെയാണ്. അതായത്, എല്ലാ സവിശേഷഗുണങ്ങളും അല്ലാഹുവിന്റെ നാമത്തിൽ മാത്രമേയുള്ളൂ. ഇത് എല്ലാ പരിപൂർണ്ണമായ സവിശേഷഗുണങ്ങളും അവനിലുണ്ടാകുമ്പോഴാണ് അവന്റെ നാമം പരിശോധനയിൽ നല്ലതെന്ന് തെളിയിക്കപ്പെടുകയുള്ളൂ എന്ന കാര്യത്തിലേക്ക് സൂചിപ്പിക്കാനാണ്. എല്ലാതരത്തിലുള്ള ഗുണങ്ങളും അവനിൽ ഉണ്ടായിരിക്കുമ്പോൾ അവന്റെ സൗന്ദര്യം പ്രകടമാണ്. ഈ സൗന്ദര്യത്തിന്റെ അടിസ്ഥാനത്തിലാണ് വിശുദ്ധഖുർആനിൽ അല്ലാഹുവിന്റെ നാമം, നൂർ അഥവാ പ്രകാശം എന്ന് വെച്ചിട്ടുള്ളത്. അവൻ പറഞ്ഞു: അല്ലാഹു ***നൂറുസ്സമാവാത്തി വൽഅർള്***. അല്ലാഹു ഭൂമിയുടേയും ആകാശത്തിന്റേയും പ്രകാശമാണ്. ഓരോ പ്രകാശവും അവന്റെ പ്രകാശത്തിന്റെ പ്രതിച്ഛായയാണ്." പക്ഷേ, ആ പ്രകാശത്തെ കാണുന്നതിന് യാഥാസ്ഥിതികത്വത്തിന്റെ കണ്ണുകൾ മാറ്റേണ്ടിവരും. എന്നാൽ, ശയ്ത്വാന്റെ പിന്നാലെ നടക്കുന്നവൻ ചെയ്തിട്ടുള്ളതിന്റെ ഫലം സ്വയം കാണുന്നതാണ്. ശയ്ത്വാൻ, പ്രകാശത്തിനു പകരം അന്ധകാരത്തിലേക്ക് അവനെ കൊണ്ടുപോകുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ സൗന്ദര്യം കാണുന്നില്ലെങ്കിൽ, വിശുദ്ധഖുർആനിലൂടെ അല്ലാഹുവിനെ തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിൽ അത് നോക്കുന്നവരുടെ കുറ്റമാണ്. അവർ തങ്ങളുടെ മനസ്സിന്റെ വാതിലുകളും ജനലുകളും അടച്ചുവയ്ക്കുന്നു. അവർക്ക് അല്ലാഹുവിനെ കാണണമെങ്കിൽ, ഇസ്ലാം സമർപ്പിക്കുന്ന ദൈവത്തെ കാണണമെങ്കിൽ, അടച്ചുവെച്ചിട്ടുള്ള മനസ്സിന്റെ വാതിലുകളും ജനലുകളും തുറക്കേണ്ടതായിവരും. അല്ലാഹുവിന്റെ നന്മയുടെ ഗുണങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നന്മയുടെ ഗുണങ്ങൾ അല്ലാഹുവിൽ ഒരുപാടുണ്ട്. ഇവയിൽ നാലെണ്ണം അടിസ്ഥാനപരമാണ്. (അടിസ്ഥാനപരമായ നാല് കാര്യങ്ങളുണ്ട്) പ്രകൃതിപരമായ അവയുടെ ക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാമത്തെ ഗുണം ഫാത്തിഹ അധ്യായത്തിൽ റബ്ബിൽ ആലമീൻ എന്ന വാക്യത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. അതെന്താണെന്നുവച്ചാൽ, അല്ലാഹുവിന്റെ പരിപാലനം, അതായത് സൃഷ്ടിക്കുകയും അതിന്റെ ഉദ്ദിഷ്ടമായ പൂർണ്ണതവരെ എത്തിക്കുകയും ചെയ്യുക." അതായത് ആർക്കെങ്കിലും എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ, അതിന്റെ ആവശ്യമനുസരിച്ച് അത് നിറവേറ്റികൊടുക്കുക. ഓരോന്നിനും അതിന്റേതായ വിവിധ ആവശ്യങ്ങളായിരിക്കും. ഖനിജപദാർത്ഥങ്ങൾ, സസ്യങ്ങൾ, മരങ്ങൾ തുടങ്ങിയവയെ എല്ലാം അല്ലാഹു പരിപാലിച്ചുകൊണ്ടിരിക്കുകയാണ്. ഓരോന്നിനും എന്തൊക്കെ ആവശ്യമുണ്ടോ അതൊക്കെ അതിന്റെ പാരമ്യതയിൽ എത്താനുള്ള ഏർപ്പാടുണ്ടാക്കികൊടു

ക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്നു പറയുന്നു: 'മുഴുലോകത്തും ഈ പരിപാലനം (റുബൂബിയ്യത്ത്) എന്ന ഗുണം നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ ആകാശലോകവും ഭൂമിലോകവും ഉണ്ട്. ഭൂമിയും ആകാശത്തിനും അവയ്ക്കിടയിലുള്ള വസ്തുക്കൾക്കും എന്തെന്തൊക്കെ ആവശ്യമുണ്ടോ അതായത് അതിന്റെ പരിപാലനത്തിന് എന്തെന്തൊക്കെ ആവശ്യമുണ്ടോ അതൊക്കെ അല്ലാഹു സംഘടിപ്പിച്ചുകൊടുക്കുന്നു." തുടർന്നു പറയുന്നു: "എന്നാൽ, അല്ലാഹുവിന്റെ പരിപാലനം നിലവിലുള്ള ഓരോ വസ്തുവിന്റേയും ആവിഷ്ക്കർത്താവും ജന്മം കൊണ്ടിട്ടുള്ള ഓരോ വസ്തുവിന്റേയും ശിക്ഷയിതാവുമാണ്." [അതായത് അല്ലാഹുവിന്റെ റുബൂബിയ്യത്ത് (പരിപാലനം). എന്തൊന്നാണോ നിലവിലുള്ളത്, അതിനെ വെറുതെയങ്ങ് സൃഷ്ടിച്ചുവിട്ടിട്ടുള്ളതല്ല. എന്തൊന്നാണോ വെളിപ്പെട്ടിട്ടുള്ളത്, വെളിപ്പെട്ടുകൊണ്ടിരിക്കുന്നത് അതിനെ പരിപാലിക്കുന്നവനും അല്ലാഹുവാണ്] "പക്ഷേ, ഔദാര്യ മെന്നനിലയിൽ ഏറ്റവും കൂടുതൽ ഫലം ലഭിക്കുന്നത് മനുഷ്യനാണ്. കാരണം അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളിൽനിന്നും മനുഷ്യൻ ഫലമെടുക്കുന്നു. അതുകൊണ്ടാണ്, നിങ്ങളുടെ രക്ഷിതാവ് സർവലോകപരിപാലകനാണെന്ന് മനുഷ്യനെ ഓർമ്മിപ്പിച്ചിട്ടുള്ളത്; മനുഷ്യന് കൂടുതൽ പ്രതീക്ഷയുണ്ടാക്കുന്നതിനും തങ്ങളുടെ നേട്ടത്തിനായി അല്ലാഹുവിന്റെ കഴിവുകൾ വിശാലമാണെന്നും പലരീതിയിലുള്ള ദുൻയാവും വെളിപെടുത്താൻ അവന് കഴിയുമെന്നും ദൃഢമായി വിശ്വസിക്കാനും വേണ്ടി." പിന്നീട് പറഞ്ഞു, "രണ്ടാമത്തെ സ്ഥാനത്തുള്ള ഔദാര്യം റഹ്മാനിയ്യത്താണ്. അല്ലാഹുവിന്റെ നാമം റഹ്മാൻ എന്നുള്ളത്, അവൻ ഓരോ ജീവജാലങ്ങൾക്കും– ഇവയിൽ മനുഷ്യനുംപെടുന്നു– അതിനു ചേർന്ന വിധത്തിലുള്ള ആകൃതിയും ജീവിതവും നല്കി. അതായത്, ഏതെങ്കിലും ജീവിക്ക് ഏതുരീതിയിലുള്ള ജീവിതമാണോ അല്ലാഹു വെച്ചിട്ടുള്ളത്, അതിന് ചേർന്നവിധം ഏതൊരു കഴിവും ശക്തിയുമാണോ വേണ്ടിയിരുന്നത് അത് അതിന് നല്കി. ഇതിൽ ശരീരത്തിന്റെ രൂപഘടനയും അവയവവുമെല്ലാം പെടുന്നു." ഉദാഹരണത്തിന് പക്ഷി. വായുവിൽ പറക്കാൻ പറ്റുന്നവിധമാണ് അതിന്റെ സൃഷ്ടിപ്പ്. മുകളിലേക്ക് ഉയർന്ന് പറക്കുന്നതും, കൂടുതൽ യാത്ര ചെയ്യുന്നതുമായ പക്ഷിയുണ്ട്. അതിന് ശക്തമായ കാറ്റിനെ പ്രതിരോധിക്കേണ്ടിവരുന്നു. അതിന്റെ മുമ്പിലുള്ള നെഞ്ച് അങ്ങേയറ്റ് കട്ടിയുള്ളതാക്കി സൃഷ്ടിച്ചിരിക്കുന്നു. ദീർഘമായ യാത്ര ചെയ്ത്, ചില പക്ഷികൾ വരാറുണ്ട്. ഇപ്രകാരം തന്നെയാണ് മറ്റു സൃഷ്ടിപ്പും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ഇപ്രകാരം മനുഷ്യനെ അവനു ചേരുംവിധമുള്ള ശക്തികൾകൊണ്ട് അനുഗ്രഹിച്ചിരിക്കുന്നു. അല്ലാഹുവിന്റെ റഹ്മാനിയ്യത്തിൽ മനുഷ്യനാണ് ഏറ്റവും കൂടുതൽ പങ്കുള്ളത്. കാരണം ഓരോ വസ്തുവും അവന്റെ വിജയത്തിനായി ത്യാഗം ചെയ്യുന്നു."

"അല്ലാഹുവിന്റെ മൂന്നാമത്തെ ഗുണം, അത് മൂന്നാമത്തെ സ്ഥാനത്തുള്ള ഔദാര്യമാണ്, റഹീമിയ്യത്ത്. വിശുദ്ധഖുർആന്റെ സാങ്കേതിക പ്രയോഗമനുസരിച്ച് അല്ലാഹു റഹീം എന്നു പറയപ്പെടുന്നത് ജനങ്ങളുടെ ദുആയും വിലാപങ്ങളും സൽക്കർമ്മങ്ങളും സ്വീകരിച്ചുകൊണ്ട് ആപത്തുകളിൽനിന്നും നാശങ്ങളിൽനിന്നും കർമ്മങ്ങൾ നഷ്ടപ്പെട്ടുപോകുന്നതിൽനിന്നും അവരെ സുരക്ഷിതരാക്കിവയ്ക്കുമ്പോഴാണ്. ഈ ഔദാര്യം മനുഷ്യനോടുമാത്രമാണുള്ളത്. റുബൂബിയ്യത്ത്, റഹ്മാനിയ്യത്ത് ഈ രണ്ട് ഗുണവിശേഷങ്ങളിൽനിന്ന് മറ്റു സൃഷ്ടികളും ഫലമെടുക്കുമ്പോൾ റഹീമിയ്യത്ത് എന്ന ഗുണത്തിൽനിന്ന് മനുഷ്യൻ മാത്രമാണ് ഫലമെടുക്കുന്നത്. ഇതിൽനിന്ന് മനുഷ്യൻ ഫലമെടുക്കുന്നില്ലെങ്കിൽ, തന്റെ മസീഹായ അല്ലാഹുവിനെ തിരിച്ചറിയുന്നില്ലെങ്കിൽ അവൻ മൃഗങ്ങൾക്ക് തുല്യമായിരിക്കും."

നാലാമത്തെ ഔദാര്യത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "മാലിക്കിയൗമിദ്ദീൻ എന്ന വാക്യത്തിൽ അത് പറഞ്ഞിരിക്കുന്നു. ഇതും റഹീമിയ്യത്തും തമ്മിലുള്ള വ്യത്യാസം റഹീമിയ്യത്തിൽ പ്രാർത്ഥനയും ആരാധനാകർമ്മങ്ങളും മുഖേന വിജയം അവകാശമായിത്തീരുന്നു. മാലിക്കീ യൗമിദ്ദീൻ മുഖേന ആ ഫലം ലഭിക്കുന്നു. അതായത്, ദുആയ്ക്ക് ഫലം കിട്ടുന്നു."

ഇതാണ് ദൈവത്തെക്കുറിച്ചുള്ള ഇസ്ലാമിന്റെ സങ്കല്പം. അവന്റെ അടിസ്ഥാനപരമായ സവിശേഷഗുണങ്ങളെ തിരിച്ചറിയുകയാണെങ്കിൽ, അവന്റെ സൗന്ദര്യവും ഔദാര്യവും മനുഷ്യനിൽ വെളിപെടും. ഒരു സത്യവിശ്വാസി അല്ലാഹുവിന്റെ ഈ വിശേഷഗുണത്തെക്കുറിച്ച് കൂടുതൽ അറിവ് കരസ്ഥമാക്കുന്നു. '***മാലിക്കി യൗമിദ്ദീൻ***' എന്നു പറഞ്ഞുകൊണ്ട്, ബാക്കി കാര്യങ്ങൾ മനുഷ്യന്റെ ഇഷ്ടത്തിന് വിട്ടുകൊടുത്തു. അവന്റെ സൗന്ദര്യവും ഔദാര്യവും കണ്ടുകൊണ്ടും, അവന്റെ സവിശേഷഗുണങ്ങളെ മനസ്സിലാക്കിയും അവയെ പ്രയോജനപ്പെടുത്തിയും സൽക്കർമ്മങ്ങൾ ചെയ്യുകയും, പ്രാർത്ഥിക്കുകയും ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കുകയും ചെയ്താൽ, സൽഫലം പ്രാപിക്കുന്നതാണ്. ഇനി ദുഷ്കർമ്മങ്ങളാണ് ചെയ്യുന്നതെങ്കിൽ, അതിന്റെ ഫലവും അതുപോലെതന്നെയായിരിക്കും ഉണ്ടായിരിക്കുക. പക്ഷേ പറഞ്ഞു: നിങ്ങൾക്ക് കിട്ടാൻ പോകുന്ന ശിക്ഷയുണ്ടല്ലോ, അത് നിങ്ങളുടെ ദുഷ്ക്കർമ്മത്തിന് തുല്യമായതായിരിക്കും. അല്ലാഹു അക്രമം ചെയ്യുകയില്ല. അതുകൊണ്ട്, അല്ലാഹുവിന്റെ ഈ വിശേഷഗുണത്തെ തിരിച്ചറിയുക. അവനിൽനിന്ന് പ്രതിഫലം പറ്റാൻ അവനിലേക്ക് കുനിയുക. പാപങ്ങളിൽ മുഴുകിക്കൊണ്ടേയിരിക്കുകയും ശിക്ഷക്കിരയാകുകയും ചെയ്തുകൊണ്ട് ഇസ്ലാമിന്റെ ദൈവം ശിക്ഷിക്കുന്നവനാണെന്ന് പറഞ്ഞുണ്ടാക്കുക എന്നതല്ല. അല്ലാഹുവിനെ മറക്കുകയും

അവന്റെ മുമ്പിൽ കുനിയാതിരിക്കുകയും എന്നിട്ട് അല്ലാഹു ഞങ്ങളോട് എന്തുകൊണ്ട് ദയ കാണിച്ചില്ല എന്നു പറയുകയും ചെയ്യുന്നതും ശരിയല്ല. ഇസ്ലാമിന്റെ ദൈവം ഒരുഭാഗത്ത് പറയുന്നു, ഞാൻ ദയാലുവാണെന്ന്. എന്നാൽ, മറുഭാഗത്ത് ഞങ്ങളോട് ദയയൊട്ട് കാണിക്കുന്നുമില്ല. ഞാനെന്ത് ചെയ്താലും എനിക്കൊരു ശിക്ഷയും കിട്ടരുത് എന്ന നിലപാട് ശരിയല്ല. ഈ ലോകത്ത് മനുഷ്യൻ നിയമങ്ങൾ ഉണ്ടാക്കുന്നു. പ്രതിഫലം നല്കുക ശിക്ഷ നല്കുക തുടങ്ങിയ കാര്യങ്ങളും ഈ ലോകത്ത് മുന്നിൽവയ്ക്കുന്നു. അത് നടപ്പിൽവരുത്തുകയും ചെയ്യുന്നു. അല്ലാഹു അസീസാണ്. വിജയശാലിയാണ്. സർവശക്തനാണ്. വലിയവനാണ്. അങ്ങനെയുള്ള അല്ലാഹുവിനെ ഇക്കൂട്ടർ നിയന്ത്രണവിധേയനാക്കാൻ ആഗ്രഹിക്കുകയാണ്. അല്ലാഹുവിന് അത്തരം അധികാരങ്ങൾ ഒന്നും പാടില്ലെന്ന് ഇവർ പറയുന്നു. ഈ വീക്ഷണഗതികൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഇസ്ലാമിന്നെതിരിൽ ദുഷ്പ്രചാരണങ്ങൾ നടത്തുന്നു. പക്ഷേ, ക്രിസ്ത്യാനികളിൽനിന്ന് ഇസ്ലാമിന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നവർ, സ്വയം ചെയ്യുന്നതെന്താണ്, അവർ തങ്ങൾ ചെയ്യുന്നതിനുള്ള പ്രായശ്ചിത്തം മറ്റുള്ളവരെക്കൊണ്ട് ചെയ്യിക്കുന്നു. അത് ഒരുവിധത്തിലും യുക്തിസഹമല്ല. ലോകത്ത് നടപ്പിലുള്ള നിയമം ഇത് അംഗീകരിക്കുന്നുണ്ടോ? തെറ്റു ചെയ്യുന്നത് ഒരുവൻ. അതിനുള്ള ശിക്ഷ അനുഭവിക്കുന്നത് വേറൊരുവൻ. ഈ നിയമം ലോകത്ത് എവിടെയെങ്കിലും ഉണ്ടോ? സ്വന്തം നിയമങ്ങളിൽ ഇതില്ലെങ്കിൽ, ഈ മൂഢമായ വീക്ഷണം അല്ലാഹുവിന്റെ നിയമങ്ങളിൽ അടിച്ചേല്പിക്കാൻ ആഗ്രഹിക്കുന്നതെന്തിനാണ്? എന്നാൽ, അല്ലാഹുവിന്റെ ഒരു വിശേഷഗുണം '***മാലിക്കിയ്യത്ത്***' എന്നതാണ്. കാരണം അവൻ അധികാരിയാണ്. അതുകൊണ്ട് ദാസൻ ചെയ്തതിന്റെ ശിക്ഷ അവന് കിട്ടാൻ സാധ്യതയുണ്ടായിട്ടും അവന് പൊറുത്തുകൊടുക്കാനുള്ള ശക്തിയും അവനുണ്ട്. അതവന്റെ ഇഷ്ടമാണ്. ഈ ലോകത്തുള്ള നിയമം എന്നു പറയുന്നത്, തെറ്റ് ചെയ്തവനെ ശിക്ഷിക്കണം എന്നതാണ്. പക്ഷേ, പാപങ്ങൾ പൊറുക്കാനുള്ള കഴിവും അല്ലാഹുവിനുണ്ട്. 'എന്റെ കാരുണ്യം എല്ലാ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു' എന്ന് അവൻ പ്രഖ്യാപിച്ചിരിക്കുന്നു. അതുകൊണ്ട് ഇസ്ലാമിന്റെ ദൈവം അസീസായിരുന്നിട്ടും എല്ലാ കഴിവും ശക്തിയും ഉണ്ടായിട്ടും, വിജയശാലിയായിട്ടും തന്റെ ദാസനെ കരുണയുടേയും പൊറുക്കലിന്റേയും ദൃഷ്ടിയോടുകൂടി നോക്കുന്നവനാണ്; മനുഷ്യൻ അതിനെ വിട്ട് അക്രമവും ബലാൽക്കാരവും ചെയ്താലൊഴികെ.

എല്ലാ നബിമാരുടേയും ചരിത്രം നമുക്ക് പറഞ്ഞുതരുന്നത് അതാണ്. അക്രമവും ബലാൽക്കാരപ്രവൃത്തിയും അതിരുകടന്നപ്പോൾ, അല്ലാഹുവിന്റെ ശിക്ഷയോ പിടിത്തമോ വന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നരകത്തിന് ഏഴ് വാതിലുകൾ എന്തുകൊണ്ടാണെന്നും സ്വർഗ്ഗത്തിന് എട്ടു വാതിലുകൾ എന്തിനാണ് വെച്ചിരിക്കുന്നതെന്നും ഒരിക്കൽ ഞാൻ ചിന്തിച്ചു. സ്വർഗ്ഗത്തിന്, പൊറുക്കലിന്റെ ഒരു വാതിൽ കൂടുതലായി അല്ലാഹു വെച്ചിരിക്കുകയാണെന്ന് എനിക്ക് മനസ്സിലാക്കപ്പെട്ടു."

അല്ലാഹു പ്രതാപവാനായിട്ടും, മനുഷ്യന് പൊറുത്തുകൊടുക്കുകയും ചെയ്യുന്നു. ഇങ്ങനെ ജനങ്ങൾക്ക് പൊറുത്തുകൊടുക്കുകയും അവരെ പരിപാലിക്കുകയും ചെയ്യുന്ന ദൈവം ബലാൽക്കാരം പ്രവർത്തിക്കുന്നവനും അക്രമിയും ആകുമോ? ഇത് ആക്ഷേപകരുടെ ബുദ്ധിയില്ലായ്മയും അറിവില്ലായ്മയുമാണ് കാണിക്കുന്നത്. ഇസ്ലാമിന്റെ ദൈവത്തെക്കുറിച്ചുള്ള സങ്കല്പം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ അല്ലാഹുവിന്റെ നാമത്തിലാണ്. അത് എല്ലാ സവിശേഷഗുണങ്ങളും ഉൾക്കൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഇക്കാലത്ത് ഏകദൈവ വിശ്വാസത്തിന്റേയും ദൈവാസ്തിക്യത്തിന്റേയും മേൽ ശക്തമായ ആക്രമണം നടന്നുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികളും ഒരുപാട് ശക്തിപ്രകടിപ്പിക്കുകയും എഴുതുകയും ചെയ്തു. പക്ഷേ, എന്തൊന്ന് അവർ പറയുകയും എഴുതുകയും ചെയ്തുവോ അത് ഇസ്ലാം വിഭാവന ചെയ്യുന്ന ദൈവത്തെക്കുറിച്ചാണ് എഴുതിയത്. കുരിശിൽ തറയ്ക്കപ്പെട്ട നിസ്സാരനായ ദൈവത്തെക്കുറിച്ച് അവരെഴുതിയില്ല. ആരാണോ ദൈവത്തിന്നെതിരിൽ എഴുന്നേല്ക്കുന്നത്, അവന് അവസാനം ഇസ്ലാം സമർപ്പിച്ചിട്ടുള്ള ആ ദൈവത്തിലേക്കുതന്നെ വരേണ്ടിവരുമെന്ന് നാം പറയുന്നു. കാരണം പ്രകൃതി പുസ്തകത്തിലെ ഓരോപേജിൽനിന്നും അവനെക്കുറിച്ചുള്ള വിവരം ലഭിക്കുന്നുണ്ട്. ആ ദൈവത്തിന്റെ ചിത്രം ഓരോ മനുഷ്യന്റെയും പ്രകൃതി ഉൾക്കൊള്ളുന്നതാണ്."

കഴിഞ്ഞ ഖുത്ബയിൽ ഞാൻ അല്ലാഹുവിന്റെ സിഫത്തായ, അസീസിനെക്കുറിച്ച് പറഞ്ഞിരുന്നു. അതായത്, സർവശക്തനും സർവവിജയിയുമായ അല്ലാഹുവിനെക്കുറിച്ച്. അവൻ എല്ലാ ശക്തിയുടേയും അധികാരിയുമാണ്. അവനെ ഒരിക്കലും പരാജയപ്പെടുത്താൻ കഴിയില്ല. ഇന്ന് ഈ ആക്ഷേപത്തിനുള്ള മറുപടിയിലും ആ ഗുണത്തെക്കുറിച്ചും പറയുന്നതാണ്. അല്ലാഹു പ്രതാപശാലിയായിരുന്നിട്ടും, ശിക്ഷിക്കുന്നതിൽ ധിറുതി കാണിക്കുന്നവനല്ല. അല്ലാഹുവിന്റെ കാരുണ്യം എല്ല വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു.

പ്രതാപശാലി എന്ന വിശേഷഗുണത്തെക്കുറിച്ച് ഖുർആനിൽ പറഞ്ഞതിൽ ചിലത് ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിരുന്നു. ഇത് മറ്റു ഗുണനാമത്തോട് ചേർത്തുപറഞ്ഞിട്ടുണ്ട്; ചില സ്ഥലത്തൊഴികെ. അസീസ് എന്ന ഗുണനാമത്തോടൊപ്പം ഹക്കീം എന്ന ഗുണനാമവും പറഞ്ഞിട്ടുണ്ട്. അതായത്, എല്ലാ തീരുമാനവും യുക്തിപൂർവ്വം എടുക്കുന്നവൻ. അസീസ്,

റഹീം എന്ന ഗുണനാമത്തോടൊപ്പം പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ഹമീദ്, വഹ്ഹാബ്, ഗഫൂർ, കരീം എന്നീ ഗുണനാമങ്ങളോടൊപ്പവും പറഞ്ഞിട്ടുണ്ട്. എവിടെയൊക്കെ അസീസ് എന്ന ഗുണത്തോടൊപ്പം ഞാൻ സർവശക്തനാണെന്നും ശിക്ഷിക്കുന്നവനാണെന്നും പകരംവീട്ടുന്നവനാണെന്നും പറഞ്ഞിട്ടുണ്ടോ അവിടെയൊക്കെ അല്ലാഹു അതിനുള്ള കാരണവും പറഞ്ഞിട്ടുണ്ട്. എന്തിനാണ് ശിക്ഷിക്കുന്നതെന്ന്? ശക്തി പ്രകടിപ്പിക്കുന്നതെന്ന്? ഇത് പത്ത്, പന്ത്രണ്ട് സ്ഥലങ്ങളിൽ പറഞ്ഞിട്ടുണ്ട്. നീതിദൃഷ്ടിയോടുകൂടി ആരെങ്കിലും നോക്കുകയാണെങ്കിൽ, തന്റെ പരിസരത്തെ വീക്ഷിക്കുകയാണെങ്കിൽ, അല്ലാഹുവിന്റെ റഹ്മാനിയ്യത്തിലും റുബൂബിയ്യത്തിലും ചിന്തിക്കുകയാണെങ്കിൽ റഹ്മാനിയ്യത്തിലേക്ക് ശ്രദ്ധിക്കാതിരിക്കുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. എന്നാൽ, അല്ലാഹുവിനെ മനസ്സിലാക്കാൻ ആഗ്രഹിക്കാത്തവനെക്കുറിച്ച് അല്ലാഹു പ്രതാപശാലിയായിട്ടും പറയുന്നത് ഞാൻ അവന് അടുത്തലോകത്ത് ശിക്ഷ നല്കുമെന്നാണ്. മരിച്ചതിനുശേഷം അവനോട് കാര്യം ചോദിക്കുന്നതാണ്; പ്രവാചകന്മാരോടും അവരുടെ അനുയായികളോടും അക്രമം കാണിച്ചവരൊഴികെ. അത്തരക്കാർക്ക് ഈ ലോകത്തും ശിക്ഷ ലഭിച്ചുകൊണ്ടിരുന്നിട്ടുണ്ട്. അതുകൊണ്ട് അല്ലാഹുവിന്റെ നിയമത്തെ ലംഘിക്കുകയും അതിരുകടക്കുകയും അവന്റെ ദാസരെ പരിഹസിക്കുകയും ചെയ്യുന്നവനെ അല്ലാഹു പിടിക്കുന്നു. ഈ അക്രമം ചെയ്യുന്നവരിൽനിന്ന് ആരെങ്കിലും നന്നാകുന്നെങ്കിൽ നന്നാകാൻ വേണ്ടിയാണിത്. അല്ലെങ്കിൽ പിന്നീട് വരുന്ന തലമുറയ്ക്ക് അവരിൽനിന്ന് പാഠം ലഭിക്കാൻ വേണ്ടിയാണിത്; അങ്ങനെ തങ്ങളുടെ നബിമാരെ പരിഹസിക്കാതിരിക്കാൻ– അത്തരം ഘട്ടങ്ങളിൽ അല്ലാഹു താൻ പകരം ചോദിക്കുന്നവനാണെന്ന നില പ്രകടിപ്പിക്കുന്നു; അല്ലാഹു പ്രതാപശാലിയാണെന്നും അവനെ വിശ്വസിക്കുന്നവരെ പരാജയപ്പെടുത്താൻ ശത്രുക്കൾക്ക് സാധിക്കുകയില്ലെന്നും കാണിക്കാൻ വേണ്ടിയാണിത്. അല്ലാഹുവിന്റെ വിധി അത്തരം ശത്രുക്കളെ ഭസ്മമാക്കിക്കളയുന്നു. ഇതിനുള്ള ചില ഉദാഹരണങ്ങൾ ഞാൻ ഖുർആനിൽനിന്ന് പറയാം. അല്ലാഹു സൂറഃആലുഇംറാനിൽ പറയുന്നു:

نَزَّلَ عَلَيْكَ الْكِتٰبَ بِالْحَقِّ مُصَدِّقًا لِّمَا
بَيْنَ يَدَيْهِ وَاَنْزَلَ التَّوْرٰىةَ وَالْاِنْجِيْلَ ۙ
مِنْ قَبْلُ هُدًى لِّلنَّاسِ وَاَنْزَلَ الْفُرْقَانَ ؕ
اِنَّ الَّذِيْنَ كَفَرُوْا بِاٰيٰتِ اللّٰهِ لَهُمْ عَذَابٌ
شَدِيْدٌ ؕ وَاللّٰهُ عَزِيْزٌ ذُو انْتِقَامٍ ۝

ഇതിനുമുമ്പേയുള്ള ജനങ്ങൾക്കായി, സന്മാർഗ്ഗം എന്ന നിലയിൽ അവൻതന്നെയാണ് ഫുർഖാൻ (സത്യാസത്യവിവേചകഗ്രന്ഥം) ഇറക്കിയത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരാരോ അവർക്ക് തീർച്ചയായും കഠിനമായ ശിക്ഷ ഉണ്ടാകുന്നതാണ്. അല്ലാഹു പ്രതാപവാനും പകരം വീട്ടുന്നവനുമത്രെ (3:4).

ആവർത്തിച്ചാവർത്തിച്ച് മുന്നറിയിപ്പ് നല്കിയിട്ടും, തെറ്റിൽനിന്ന് പിന്മാറാത്തവരെ അല്ലാഹു ശിക്ഷിക്കുന്നു. തൗറാത്തിലും ഇഞ്ചീലിലും ഏകനായ ദൈവത്തെ ആരാധിക്കുക എന്ന് പറഞ്ഞിരിക്കുന്നു. അതായിരുന്നു അടിസ്ഥാനപരമായ പാഠം. പിന്നീട് അതിൽ മാറ്റത്തിരുത്തലുകൾ വരുത്തി മനുഷ്യനെ ദൈവമാക്കിയതാണ്. ബഹുദൈവാരാധന പിന്നെ പഠിപ്പിച്ചതാണ്. പിന്നീട് വരുന്ന, എല്ലാ നബിമാരേക്കാളും ശ്രേഷ്ഠൻ എന്ന ബഹുമതി നേടിക്കൊണ്ടുവരുന്ന മഹാത്മാവിനെ വിശ്വസിക്കണമെന്നും പറഞ്ഞിരുന്നു. എന്നിട്ടും കടമ നിറവേറ്റാതേയും ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കാതേയും ശിർക്കിൽ അകപ്പെട്ടിരിക്കുകയാണെങ്കിൽ, വന്നയാളെ വിശ്വസിക്കുന്നതിന് പകരം അദ്ദേഹത്തെ എതിർക്കുന്നതിൽ അതിരു കടക്കുകയാണെങ്കിൽ ഓർമ്മിക്കുക, അത്തരം നിഷേധികൾ പ്രതാപശാലിയുടെ ശിക്ഷയ്ക്ക് കീഴെ വരുന്നതാണ്. ഖുർആൻ പറയുന്നു:

يٰۤاَيُّهَا الَّذِيْنَ اٰمَنُوْا لَا تَقْتُلُوا الصَّيْدَ
وَاَنْتُمْ حُرُمٌ ؕ وَمَنْ قَتَلَهٗ مِنْكُمْ
مُّتَعَمِّدًا فَجَزَآءٌ مِّثْلُ مَا قَتَلَ مِنَ النَّعَمِ
يَحْكُمُ بِهٖ ذَوَا عَدْلٍ مِّنْكُمْ هَدْيًا بٰلِغَ
الْكَعْبَةِ اَوْ كَفَّارَةٌ طَعَامُ مَسٰكِيْنَ اَوْ
عَدْلُ ذٰلِكَ صِيَامًا لِّيَذُوْقَ وَبَالَ اَمْرِهٖ ؕ
عَفَا اللّٰهُ عَمَّا سَلَفَ ؕ وَمَنْ عَادَ فَيَنْتَقِمُ
اللّٰهُ مِنْهُ ؕ وَاللّٰهُ عَزِيْزٌ ذُو انْتِقَامٍ ۝

"വിശ്വസിച്ചവരേ, നിങ്ങൾ ഹജ്ജിൽ പ്രവേശിച്ചിരിക്കെ വേട്ടജന്തുക്കളെ കൊല്ലരുത്. നിങ്ങളിലാരെങ്കിലും മനഃപൂർവ്വം അതിനെ കൊല്ലുന്നതായാൽ കന്നുകാലികളിൽനിന്ന് അവൻ കൊന്നതിനു തുല്യമായത് പ്രായശ്ചിത്തമാണ്. അതിനെ സംബന്ധിച്ച് നിങ്ങളിൽനിന്നുള്ള രണ്ട് നീതിമാന്മാർ തീരുമാനമെടുക്കും. അത് കഅ്ബത്തിങ്കൽ എത്തേണ്ടതായ ബലിമൃഗമാണ്. അല്ലെങ്കിൽ ഏതാനും അഗതികൾക്ക് ഭക്ഷണം നല്കുകയോ അതുമല്ലെങ്കിൽ അതിനു തുല്യമായത്ര എണ്ണം നോമ്പനുഷ്ഠി

ക്കുകയോ ചെയ്യുകയാണ് പ്രായശ്ചിത്തം. അവൻ തന്റെ കാര്യത്തിന്റെ ദുഷ്ഫലം അനുഭവിക്കുന്നതിനുവേണ്ടിയാണിത്. കഴിഞ്ഞത് അല്ലാഹു മാപ്പാക്കിയിരിക്കുന്നു. ഇനി വല്ലവരും ആവർത്തിക്കുന്നതായാൽ അല്ലാഹു അവനെ ശിക്ഷിക്കുന്നതാണ്. അല്ലാഹു പ്രതാപവാനും പകരംവീട്ടുന്നവനുമാകുന്നു" (5:96).

ഇവിടെ ശത്രുക്കളെക്കുറിച്ച് മാത്രമല്ല പറയുന്നത്. ഞാനെടുത്തിരിക്കുന്ന വചനങ്ങൾ 'ഇൻതിഖാം' എന്നതിനെ പ്രതിപാദിക്കുന്നതാണ്. വെറും നാല് സ്ഥലത്താണ് അസീസ് എന്ന പദത്തിനോടൊപ്പം ദുൻതിഖാം എന്ന ഗുണനാമം വന്നിട്ടുള്ളത്. ഇവിടേയും സത്യവിശ്വാസികളോടാണ് കല്പിക്കുന്നത്. ചെയ്യരുതെന്ന് പറഞ്ഞിട്ടുള്ളത് ചെയ്യരുത്. ചെയ്യുകയാണെങ്കിൽ അതിന്റെ ശിക്ഷ സഹിക്കേണ്ടിവരും. ഇവിടെ പകരം ചോദിക്കുക എന്നതിന്റെ ഉദ്ദേശ്യം അക്രമത്തിന് പകരംവീട്ടുക എന്നതല്ല; വിദ്വേഷമുള്ളവൻ പകരം വീട്ടുന്നതുപോലെ. പ്രത്യുത, ഇതിന്റെ താൽപര്യം ഈ നിയമം ലംഘിച്ചാൽ ശിക്ഷ കിട്ടുമെന്നാണ്. അല്ലാഹു അസീസാണ് പ്രതാപശാലിയാണ്. ദുഷ്കൃത്യം ചെയ്താൽ ശിക്ഷിക്കുന്നു.

فَلَا تَحْسَبَنَّ اللّٰهَ مُخْلِفَ وَعْدِهٖ رُسُلَهٗ ؕ
اِنَّ اللّٰهَ عَزِيْزٌ ذُو انْتِقَامٍ ﴿٤٨﴾

അതിനാൽ അല്ലാഹുവിനെപ്പറ്റി തന്റെ ദൂതന്മാരോട് അവൻ ചെയ്ത വാഗ്ദാനം ലംഘിക്കുന്നവനാണെന്ന് നീ ഒരിക്കലും ധരിച്ചുപോകരുത്. അല്ലാഹു പ്രതാപശാലിയും പകരം വീട്ടുന്നവനുമാണ് (14:48).

ഇവിടെ റസൂലിനേയും, വിശ്വാസികളേയും സമാധാനിപ്പിച്ചിരിക്കുകയാണ്. എതിരാളികൾ എത്രവേണമെങ്കിലും ശ്രമിച്ചോട്ടെ, അവരുടെ പര്യവസാനം മോശമായിരിക്കും. കാരണം, പ്രതാപശാലിയും ശിക്ഷിക്കുന്നവനുമായ അല്ലാഹുവിന്റെ റസൂലുമായിട്ടാണ് അവർ ഏറ്റുമുട്ടിയത്. അവർ തങ്ങളുടെ അതിക്രമങ്ങളിൽനിന്ന് പിന്തിരിയാത്ത കാരണത്താൽ ശിക്ഷയ്ക്കർഹരായിത്തീരുന്നു. ഇന്ന് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിനെ സ്വീകരിച്ചിട്ടുള്ളവർക്കും ഈ വചനം സമാധാനം നല്കുന്നു. അതായത്, അല്ലാഹു തന്റെ വാഗ്ദാനം ലംഘിക്കുകയില്ല. എപ്രകാരം മുൻകഴിഞ്ഞ അക്രമികളെ അല്ലാഹു ശിക്ഷിക്കുന്നുവോ ഇന്നും എതിർപ്പിൽനിന്ന് പിന്മാറാത്തവർക്ക് നിന്ദ്യതയും അവഹേളനവുമാണുള്ളത്. അവർക്ക് ശിക്ഷ വിധിക്കപ്പെട്ടിരിക്കുന്നു.

وَمَنْ يَّهْدِ اللّٰهُ فَمَا لَهٗ مِنْ مُّضِلٍّ ؕ اَلَيْسَ
اللّٰهُ بِعَزِيْزٍ ذِي انْتِقَامٍ ﴿٣٨﴾

അല്ലാഹു ആരെ നേർവഴിയിലാക്കുന്നുവോ അവനെ വഴിപിഴപ്പിക്കാൻ ആരും ഉണ്ടാകുകയില്ല. അല്ലാഹു പ്രതാപശാലിയും പകരം വീട്ടുന്നവനുമല്ലേ?(39:38).

ഇവിടെ വീണ്ടും അല്ലാഹു സത്യവിശ്വാസികളെ സമാധാനിപ്പിച്ചിരിക്കുന്നു. അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നവരെ വഴിതെറ്റിക്കാൻ ആർക്കും സാധിക്കുകയില്ല. എതിരാളികൾക്ക് അവരുടെ എതിർപ്പുകാരണത്താൽ തീർച്ചയായും ശിക്ഷ ലഭിക്കുമെന്ന് വിധിയെഴുതിക്കഴിഞ്ഞിരിക്കുന്നു. സന്മാർഗ്ഗത്തിൽനിന്ന് മാറി, അവരോടൊപ്പം ചേരാനാണ് അവർ എതിർക്കുന്നത്. ***ബി അസീസിൻ ദിൻതിഖാം*** എന്നു പറഞ്ഞുകൊണ്ട് അല്ലാഹു സന്മാർഗ്ഗം പ്രാപിച്ചവരെ സമാധാനിപ്പിച്ചിരിക്കുന്നു. അവർ ഈ ഭീഷണി ഭയപ്പെടരുത്. അല്ലാഹുവിന്റെ മുന്നിൽ കുനിഞ്ഞുകൊണ്ട്, അവനിൽനിന്ന് സന്മാർഗ്ഗത്തിന്റെ വഴിയിൽ നടക്കാൻ കഴിവ് ചോദിച്ചുകൊണ്ടിരിക്കുക. പ്രതാപശാലിയായ അല്ലാഹു തീർച്ചയായും നിങ്ങളുടെ എതിരാളികളെ പിടിക്കുന്നതാണ്. അവൻ എപ്പോഴും അത്തരക്കാരെ പിടിച്ചുപോന്നിട്ടുണ്ട്. ഉദാഹരണത്തിന് അല്ലാഹു, ഹദ്റത്ത് സ്വാലിഹിനെക്കുറിച്ച് ഖുർആനിൽ പറഞ്ഞു: സർവ്വശക്തനും പ്രതാപശാലിയുമായ അല്ലാഹു ഹദ്റത്ത് സ്വാലിഹിന്റെ എതിരാളികളെ നശിപ്പിച്ചു. കാരണം അവർ അതിർ ലംഘിക്കുന്നവരായിരുന്നു. മുന്നറിയിപ്പ് നല്കിയിട്ടും ആ ജനത നിഷേധിച്ചുവെന്നു മാത്രമല്ല സ്വാലിഹിന്റെ ഒട്ടകത്തിന്റെ തുടഞരമ്പ് മുറിച്ചുകളയുകയും ചെയ്തു. അപ്പോൾ അല്ലാഹുവിന്റെ ശിക്ഷയ്ക്കിരയായി. പിന്നീട് ഫിർഔനെക്കുറിച്ച് പറഞ്ഞു.

***കദ്ദബൂ ബി ആയാതിനാ കുല്ലിഹാ ഫഅഖദ്നാഹും അഖ്ദ അസീസിൻ മ്മുഖ്തദിർ.***

നമ്മുടെ എല്ലാ ദൃഷ്ടാന്തങ്ങളേയും അവർ നിഷേധിച്ചു. അതിനാൽ പ്രതാപശാലിയും സർവശക്തനുമായ ഒരുത്തന്റെ പിടിത്തം പിടിച്ചു നാം അവരെ ശിക്ഷിച്ചു (54:43).

ഇത് വിവരിച്ചുകൊണ്ട്, അക്രമത്തിൽ അതിരുകവിയുന്നവരോടും അല്ലാഹുവിനേയും അവന്റെ റസൂലിനേയും നിഷേധിക്കുന്നവരോടും നിങ്ങളും നിങ്ങളുടെ പരിധിയ്ക്കുള്ളിൽ ഒന്നിക്കാൻ പറഞ്ഞു. ഇന്ന്, പരിഹാസത്തിലും അക്രമത്തിലും അതിരു കടന്നവർക്കുള്ള മുന്നറിയിപ്പും കൂടിയാണിത്. നബി(സ) തിരുമേനിയുടെ കാലഘട്ടം ലോകാവസാനംവരെയാണ്. ആ മഹാത്മാവിന്റെ സത്യാസന്ധനായ പ്രേമി വന്നതിനുശേഷം, ആ സന്ദേശം ലോകം മുഴുവനും എത്തിക്കഴിഞ്ഞു. അതുകൊണ്ട് പരിഹാസത്തിൽനിന്നും അവഹേളനത്തിൽനിന്നും പിൻവാങ്ങുക. ഇല്ലെങ്കിൽ സർവ്വശക്തനും ജയശാലിയുമായ അല്ലാഹുവിന് നിങ്ങളെ പിടിക്കാനുള്ള കഴിവുണ്ട്. അല്ലാഹുവിൽനിന്ന്, നിങ്ങളുടെ സുരക്ഷിതത്വത്തിനുള്ള ഒരു ജാമ്യവുമില്ല. അല്ലാഹുവിൽനിന്ന്

നിങ്ങൾക്ക് ജാമ്യമുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ, അത് നിങ്ങളുടെ തെറ്റുധാരണയാണ്.

അതുകൊണ്ട് ഇസ്‌ലാമിന്റെ ദൈവത്തിനുമേൽ ആരോപണം ഉന്നയിക്കുന്നതിനും നബി(സ) തിരുമേനിയെ പരിഹസിക്കുന്നതിനും പകരം അല്ലാഹുവിനോടുള്ള ഭയം നിങ്ങളുടെ മനസ്സിലുണ്ടാക്കിത്തീർക്കുക. ഇസ്‌ലാം സമർപ്പിക്കുന്ന ദൈവം, എല്ലാ നബിമാരേയും വിപത്തുകളിൽനിന്ന് രക്ഷിച്ച ദൈവമാണ്. തന്റെ പ്രിയപ്പെട്ടദാസരെ രക്ഷിക്കാൻ ശക്തിയില്ലാത്ത ദൈവത്തെ സമർപ്പിക്കാനാണോ ഇവർ ആഗ്രഹിക്കുന്നത്. അല്ലാഹു പറയുന്നത്, അവൻ തന്റെ പ്രിയപ്പെട്ടവരെ സംരക്ഷിക്കുന്നവനല്ലെങ്കിൽ, തന്റേയീ ശക്തിയും കഴിവും പ്രകടിപ്പിക്കാൻ കഴിവില്ലാത്തവനാണെങ്കിൽ ലോകത്ത് കുഴപ്പങ്ങൾ തന്നെയായിരിക്കും. അതുകൊണ്ടാണ് മുസ്‌ലിംകൾക്ക് യുദ്ധം ചെയ്യാനുള്ള അനുവാദം കൊടുത്തതും. അതുകൊണ്ട് ഇക്കൂട്ടർ പറയുന്നു, അക്രമം ചെയ്യാൻ കല്പിച്ചുവെന്ന്! അനുവാദം കൊടുത്തത് സ്വന്തം സംരക്ഷണത്തിനുവേണ്ടിയാണ്. കലഹങ്ങളിൽനിന്ന് രക്ഷപ്പെടാൻ ഇത് അനിവാര്യമായ കാര്യമാണ്. ഹജ്ജ് എന്ന അധ്യായത്തിൽ ഇത് പറഞ്ഞിട്ടുണ്ട്. ഇത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

وَلَوْلَا دَفْعُ اللّٰهِ
النَّاسَ بَعْضَهُمْ بِبَعْضٍ لَّهُدِّمَتْ
صَوَامِعُ وَبِيَعٌ وَّصَلَوٰتٌ وَّمَسٰجِدُ
يُذْكَرُ فِيْهَا اسْمُ اللّٰهِ كَثِيْرًا ۭ وَلَيَنْصُرَنَّ
اللّٰهُ مَنْ يَّنْصُرُهٗ ۭ اِنَّ اللّٰهَ لَقَوِيٌّ عَزِيْزٌ ۝

അല്ലാഹുവിൽനിന്ന് അനുമതിയില്ലായിരുന്നെങ്കിൽ, മനുഷ്യരിൽ ചിലർ ചിലരെ പ്രതിരോധിക്കാതിരുന്നാൽ, അക്രമത്തിന്റെ നില എത്രമാത്രം ആകുമായിരുന്നുവെന്നുവെച്ചാൽ സന്യാസിമഠങ്ങൾ തകർക്കപ്പെടുമായിരുന്നു. ക്രിസ്തീയ ദേവാലയങ്ങൾ അടിച്ചുപൊളിക്കുമായിരുന്നു. ജൂതപ്പള്ളികൾ നിലംപരിശാക്കുമായിരുന്നു. അധികമായി ദൈവത്തെ സ്മരിക്കുന്ന മുസ്‌ലിംപള്ളികൾ നാമാവശേഷമാക്കുമായിരുന്നു. ഇങ്ങനെ അല്ലാഹു തആല ഈ എല്ലാ ആരാധനാലായങ്ങളേയും സഹായിക്കുന്നവൻ താൻതന്നെയാണെന്ന് പറയുന്നു. മുസ്‌ലിംകളുടെ നിർബന്ധകടമയാണ്, ഉദാഹരണത്തിന് ഏതെങ്കിലും ക്രിസ്ത്യൻ രാജ്യത്തെ പിടിച്ചടക്കിയാൽ അവരുടെ ആരാധനാലയങ്ങളെ നശിപ്പിക്കരുത്. അവരുടെ പള്ളികളെ നശിപ്പിക്കരുതെന്ന് പറഞ്ഞ് വിശ്വാസികളെ വിലക്കുക. അവയെ ശല്യം ചെയ്യരുത്. ഹദീസുകളിൽനിന്ന് മനസ്സിലാകുന്ന ചുരുക്കമിതുതന്നെയാണ്. ഏതെങ്കിലും മുസ്‌ലിം പട്ടാളക്കാരനെ ഏതെങ്കിലും രാജ്യത്തിനെതിരെ നടപടിയ്ക്കായി നിശ്ചയിച്ചാൽ, ക്രിസ്ത്യാനികളുടേയും യഹൂദികളുടേയും ആരാധനാലയങ്ങളേയും ഫഖീറന്മാരുടെ ഏകാന്ത സ്ഥലത്തേയും ദ്രോഹിക്കരുതെന്ന് അവരോട് കല്പിക്കുമായിരുന്നു. ഇതിൽനിന്ന് ഇസ്‌ലാം യാഥാസ്ഥിതികത്വത്തിൽനിന്ന് എത്രമാത്രം അകന്നിരിക്കുന്നുവെന്ന് വ്യക്തമാണ്. അവർ തങ്ങളുടെ പള്ളികളുടെ സംരക്ഷകരായിരിക്കുന്നതുപോലെ ജൂതദേവാലയങ്ങളേയും ക്രിസ്ത്യൻ പള്ളികളേയും സംരക്ഷിക്കുന്നവരാണ്. ഇസ്‌ലാമിന്റെ സ്ഥാപകനായ അല്ലാഹു, ശത്രുക്കളുടെ കരങ്ങളാൽ ഇസ്‌ലാം നശിച്ചുപോകണമെന്നാഗ്രഹിച്ചില്ല. മറിച്ച്, അവൻ പ്രതിരോധയുദ്ധത്തിന് അനുമതി നല്കി. സ്വയംസംരക്ഷണമെന്നനിലയിൽ പൊരുതാൻ അനുവാദം നല്കി." (22:41)

ലോകത്ത് സമാധാനം സ്ഥാപിക്കേണ്ട ഒരവസ്ഥ ഉണ്ടായാൽ, ആയുധമെടുക്കാൻ അനുവാദം നല്കപ്പെട്ടു. ഈ ആരോപണം ഉന്നയിക്കുന്നവരുടെമേൽ ഈ നിലയിൽ ആരെങ്കിലും തുടർച്ചയായി ആക്രമം നടത്തിക്കൊണ്ടിരുന്നാൽ അവർ ആയുധം കൈയിലെടുക്കില്ലേ? ആയുധങ്ങൾ ഉണ്ടാക്കുന്ന ഫാക്ടറിയും അത്യന്താധുനികമായ ആയുധങ്ങളും അതുപയോഗിക്കാൻ കഴിവുള്ള പട്ടാളക്കാരും ഈ ആരോപണം ഉന്നയിക്കുവന്നരുടെ നാട്ടിലാണുള്ളത്. ഇവരിൽനിന്നാണ് ഇസ്‌ലാം ക്രൂരമതമാണെന്ന ആക്ഷേപം ഉന്നയിക്കുന്നവർ ഉണ്ടായിട്ടുള്ളത്. ഇസ്‌ലാമിന്റെ ദൈവം അക്രമം ചെയ്യാൻ പഠിപ്പിക്കുന്നു എന്ന ആരോപണം ഇവർ ഉന്നയിക്കുന്നു. യുക്തിരഹിതനാണെന്നും പറയുന്നു. അക്രമത്തെ അടിച്ചമർത്താൻ, അതിനെ പ്രതിരോധിക്കാൻ ആയുധം എടുക്കുക എന്നത് യുക്തിസഹമാണോ, യുക്തിരാഹിത്യമാണോ?

അല്ലാഹു പറയുന്നു, ഞാൻ ജയശാലിയായിട്ടും, സൃഷ്ടികളുടെമേൽ അനാവശ്യമായി എന്റെ ശക്തി പ്രകടിപ്പിക്കാറില്ല. പക്ഷേ, എന്റെ ദാസരുടെമേൽ അക്രമം കാണിച്ചാൽ, അവർക്കെതിരിൽ പോരാടിയാൽ അതിനെ പാരമ്യതയിലെത്തിച്ചാൽ അത്തരക്കാർക്കെതിരിൽ ഞാൻ അസീസ് എന്ന ഗുണമനുസരിച്ച് എഴുന്നേറ്റുനില്ക്കുന്നതാണ്.

അല്ലാഹുവിന്റെ ഗുണമായ അസീസിനെക്കുറിച്ച് അവൻ പറയുന്നു:

فَاِنْ زَلَلْتُمْ مِّنْۢ بَعْدِ مَا جَاۗءَتْكُمُ
الْبَيِّنٰتُ فَاعْلَمُوْٓا اَنَّ اللّٰهَ عَزِيْزٌ حَكِيْمٌ ۝

നിങ്ങൾക്ക് വ്യക്തമായ ദൃഷ്ടാന്തങ്ങൾ വന്നുകിട്ടിയശേഷം നിങ്ങൾ വ്യതിചലിച്ചുപോകുന്നതായാൽ,

നിങ്ങൾ അറിഞ്ഞുകൊള്ളുക അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു. അഹ്മദികൾ, ഈ അടയാളങ്ങൾ കണ്ട് ശരിയായനിലയിൽ പ്രവർത്തിക്കാതിരിക്കുകയും, ഉരുണ്ടുകളിക്കുകയും, സ്വയം നന്നാക്കിത്തീർക്കാൻ ശ്രമിക്കാതിരിക്കുകയും, അല്ലാഹു നിങ്ങൾക്ക് ശക്തി നല്കിയിട്ട് നിങ്ങൾ അത് തെറ്റായി ഉപയോഗിക്കുകയും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റാതിരിക്കുകയുമാണെങ്കിൽ, നിങ്ങൾ പ്രതാപശാലിയായ ദൈവം പറഞ്ഞ കാര്യം ഓർമ്മിച്ചുകൊള്ളുക. നിങ്ങളുടെ ഈ അക്രമം കാരണത്താൽ അവൻ നിങ്ങളെ പിടിക്കുന്നതാണ്. നിങ്ങളിൽനിന്ന് നിങ്ങളുടെ കഴിവും അധികാരങ്ങളും പിടിച്ചെടുക്കുന്നതാണ്.

അതുകൊണ്ട് എപ്പോഴും അവന്റെ കല്പനയ്ക്ക് വിധേയരായി നടക്കുക. അവനെ വിശ്വസിക്കുക. യുക്തിരഹിതമായ പ്രവർത്തി ഒന്നും ചെയ്യാതെ അസീസും ഹക്കീമുമായ അല്ലാഹുവിനെ വിശ്വസിക്കാൻ അവൻ തന്നെയാണ് നിങ്ങൾക്ക് തൗഫീഖ് നല്കിയത്. ആ അല്ലാഹുവിലുള്ള വിശ്വാസത്തിൽ ശക്തരായിരിക്കുന്നില്ലെങ്കിൽ, അവന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ, അവന്റെ ശിക്ഷയ്ക്ക് വിധേയരായേക്കാം. അവന്റെ ശിക്ഷ ഏതെങ്കിലും അക്രമം കാരണത്താലായിരിക്കുകയില്ല. മറിച്ച്, നിങ്ങളിൽ മാറ്റമുണ്ടാക്കാത്ത കാരണത്താലായിരിക്കും. അസീസായ ഈ ദൈവത്തെയാണ് ഇസ്ലാമിനെ വിശ്വസിക്കുന്നവർ വിശ്വസിക്കേണ്ടത്. ഈ ദൈവത്തെയാണ് ഖുർആൻ സമർപ്പിക്കുന്നത്. ആ ദൈവം അക്രമം ചെയ്യുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. നിർബന്ധമായ കടമകൾ ശരിയായനിലയിൽ നിറവേറ്റുന്നില്ലെങ്കിൽ അല്ലാഹുവിന് മറുപടി കൊടുക്കേണ്ടിവരും. ഇത് ഓരോ അഹ്മദിയുടെയും നിർബന്ധകടമയാണ്, അല്ലാഹുവിന്നെതിരിൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്ക് അസീസും ഹക്കീമുമായ ദൈവത്തിന്റെ ശരിയായ ഭാവന സമർപ്പിക്കുക എന്നത്. അവൻ സൗന്ദര്യത്തിലും ഔദാര്യത്തിലും ഒരുപോലെയാണ്. മനുഷ്യനെ അവന്റെ പാപങ്ങൾ കാരണം പിടിക്കുകയാണെങ്കിൽ, ബലമായിട്ടോ അക്രമം കാണിച്ചോ പിടിക്കുകയില്ല. പ്രത്യുത, അവർ ചെയ്ത പാപത്തിന്നനുസരിച്ചാണ് പിടിക്കുന്നത്. അതിർലംഘിക്കുന്നവരെ പിടിക്കുന്നത് ലോകത്ത് സമാധാനം സ്ഥാപിക്കാനാണ്. നമ്മൾ ഈ സന്ദേശം അന്യസമുദായക്കാർക്ക് നല്കുകയും, അവരുടെ ആക്ഷേപങ്ങൾക്ക് മറുപടി കൊടുക്കുകയും ചെയ്യുന്നതോടൊപ്പം മുസ്ലിംകളോട് പറയുക, നിങ്ങൾ അസീസായ അല്ലാഹുവിനെ വിശ്വസിക്കുന്നവരാണ്, അടയാളങ്ങൾ കണ്ടിട്ട് വ്യതിചലിക്കരുതെന്ന് അല്ലാഹു നിങ്ങളോട് കല്പിച്ചിട്ടുണ്ട്. ഇത് യഥാർത്ഥമായ നിലയിൽ നിറവേറ്റപ്പെടണമെങ്കിൽ, നബി(സ) തിരുമേനിയുടെ പ്രതിച്ഛായയും ദാസനും ആ മഹാത്മാവിന്റെ ശരീഅത്ത് ലോകത്ത് നടപ്പിലാക്കാൻ വന്നയാളുമായ മസീഹ് മൗഊദ്(അ)നെ നിങ്ങൾ വിശ്വസിക്കണം. അസീസും ഹക്കീമുമായ അല്ലാഹുവിൽനിന്നാണ് ആ മഹാത്മാവിന്റെ വരവും. അദ്ദേഹം മുഖേന ദീൻ വിജയിക്കുമെന്നാണ് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്. അതിനാൽ ഈ മസീഹ് മൗഊദ്(അ)ന്റെ വാദത്തിലും ചിന്തിക്കുക. അദ്ദേഹം ഹക്കീമായ അല്ലാഹുവിൽനിന്നുള്ളയാളാണ്. അദ്ദേഹം മുഖേന ഇൻശാ അല്ലാഹ് വിജയം നല്കപ്പെടുന്നതാണ്. അല്ലാഹു മുസ്ലിംകൾക്ക് ഇത് മനസ്സിലാക്കാൻ തൗഫീഖ് നല്കട്ടെ, ഈ സന്ദേശം ലോകത്ത് ശരിയായനിലയിൽ എത്തിക്കുന്നതിന് നമുക്കും തൗഫീഖ് നല്കട്ടെ; നമ്മൾ അല്ലാഹുവിന്റെ ദീനിന്റെ വിജയം കാണുന്നവരായിത്തീരാൻ വേണ്ടി.

ഈ സമയത്ത് ഞാൻ ഒരു ദുആയ്ക്ക് വേണ്ടി പറയാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ കുറച്ചുനാളായി, എനിക്ക് പിത്താശയത്തിന്റെ ബുദ്ധിമുട്ടുണ്ടായിരുന്നു. ഡോക്ടർമാർ പരിശോധിച്ചു. ഉർദുവിൽ ഒരു ചൊല്ലുണ്ട്, ഇലാജെ ദൻദാൻ ഇഖ്റാജെ ദൻതാൻ, (പല്ലിന്റെ ചികിത്സ പല്ല് എടുത്തുകളയലാണ്) ഇപ്പോൾ ഡോക്ടർമാർ ഇങ്ങനെയൊരു ചൊല്ലുണ്ടാക്കിയിരിക്കുന്നു. ഇലാജെ പിത്താ ഇഖ്റാജെ പിത്താ. ഓപ്പറേഷൻ ചെയ്യണമെന്നാണ് ഡോക്ടർമാർ പറയുന്നത്. അടുത്ത ആഴ്ച ഇൻശാഅല്ലാഹ് ഓപ്പറേഷൻ ഉണ്ടാകും. അല്ലാഹുതരുന്ന ജീവിതം പ്രവർത്തനിരതമായിരിക്കുവാൻ ദുആ ചെയ്യുക. അവന്റെ തൃപ്തിയുടെ വഴിയിലൂടെ നടക്കാനുള്ള ജീവിതം നല്കട്ടെ. അവൻ സ്വയം തന്റെ തൃപ്തിയുടെ വഴിയിലൂടെ നടത്തുമാറാകട്ടെ. (ശനിയാഴ്ചതന്നെ ഹുസൂറിന്റെ ഓപ്പറേഷൻ വിജയകരമായി നടന്നു. അൽഹംദുലില്ലാഹ്. ഹുസൂറിന്റെ ആരോഗ്യത്തിനായി ദുആ ചെയ്യുക.)


| | |
|---|---|
| Khuthba<br>Hadhrat Mirza Masroor Ahmad<br>Khalifathul Masih V<br>on 26.10.2007 at Baithul Futuh, London. | *Translated by: Muhammad Ismail, Alleppey*<br>Mob: 94466 56123 Resi.: 0497 3294865<br>Page Layout & Typeset: BRB, Kannur<br>Published by: Majlis Khuddamul Ahmadiyya, Kerala |